# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5023** **14/11/2019 ൽ മറുപടിക്ക്**

## കശുവണ്ടി ഫാക്ടറികളിലെ തൊഴിൽ ദിനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ കശുവണ്ടി ഫാക്ടറികളിൽ 2019 ജനുവരി ഒന്ന് മുതൽ ഒക്ടോബർ മുപ്പത് വരെ എത്ര ദിവസത്തെ തൊഴിൽ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) 2019 ജനുവരി 1 മുതൽ ഒക്ടോബർ 30 വരെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സിൽ 171 ദിവസത്തെ തൊഴിലും കെ.എസ്.സി.ഡി.സി. യിൽ 136 ദിവസത്തെ തൊഴിലും നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ആകെ എത്ര സ്വകാര്യ കശുവണ്ടി ഫാക്ടറികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കാമോ; | (ബി) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിനു കീഴിൽ സംസ്ഥാനത്ത് ആകെ 854 സ്വകാര്യ ഫാക്ടറികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| ജില്ല | സ്വകാര്യ ഫാക്ടറികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 90 |
| കൊല്ലം | 664 |
| പത്തനംതിട്ട | 38 |
| ആലപ്പുഴ | 52 |
| എറണാകുളം | 2 |
| തൃശ്ശൂർ | 3 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 4 |
| **ആകെ** | **854** |

| | | | |
|---|---|---|---|
| (സി) | എത്ര സ്വകാര്യ ഫാക്ടറികൾ പ്രവർത്തിക്കുന്നുവെന്നും അവയിൽ ശരാശരി എത്ര ദിവസം തൊഴിൽ നൽകുന്നതിന് ഈ വർഷം കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ; | (സി) | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിനു കീഴിൽ 485 സ്വകാര്യ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ശരാശരി 156 ദിവസത്തെ തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | എല്ലാ വിഭാഗം ഫാക്ടറികൾക്കും ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കി തൊഴിലാളികൾക്ക് പ്രതിവർഷം നൂറ്റി അമ്പത് ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കേരള കാഷ്യൂ ബോർഡിന്റെ വാർഷിക തോട്ടണ്ടി സംഭരണലക്ഷ്യം 1 ലക്ഷം ടണ്ണായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ പൊതുമേഖലയിലേതെന്ന പോലെ സ്വകാര്യ മേഖലയിലേയും കശുവണ്ടി ഫാക്ടറികൾക്ക് ആവശ്യമായ അസംസ്കൃത തോട്ടണ്ടി ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ